കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-1/224/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –01/04/2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ

ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-1/224/2019 തീയതി: 01/04/2019

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07-10-2017 മുതൽ 31-07-2018 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യുറോയി.കെ.പി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-01-2019 മുതൽ 22-01-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജികുമാർ.ജി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.സിജാറാണി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജി.ജയകുമാരിഅമ്മ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാകേഷ്.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.സി.ജോസ് | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.സഞ്ജയൻ.എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ലത.എ | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ-അറയ്ക്കൽ | ശ്രീ.ഹരിലാൽ.എം.എസ് | 01-04-2017 മുതൽ 06-11-2017 വരെ |
| | ശ്രീമതി.നജീമ.എൻ | 07-11-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ-ഇടമുളയ്ക്കൽ | ശ്രീമതി.സിന്ധു | 01-04-2017 മുതൽ 24-07-2017 വരെ |
| | ശ്രീമതി.ബിനി.ഡി | 25-04-2017 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഗ്രീഷ്മ.എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.കെ.ആർ.സന്തോഷ് | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീബ.എ.എസ് | 01-04-2017 മുതൽ 23-10-2017 വരെ |
| | ശ്രീമതി.ധന്യശ്രീ | 24-10-2017 മുതൽ |

| | | |
|---|---|---|
| | | 31-03-2018 വരെ |
| ഡയറി ഇൻസ്ട്രക്ടർ | ശ്രീ.അജിത്ത്കുമാർ.സി | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.അജിതാകുമാരി.കെ.ബി | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.അസുന്ധ മേരി | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.പ്രശാന്ത് | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുധാമണി.എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.സയിദ ഷംസ് | 01-04-2017 മുതൽ 31-03-2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം -2 | |
| 13 | ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 2-1 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 15 | അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 |
| 16 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-4 |
| 17 | ലേലതുക, പലിശ എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു. | 2-5 |
| | ഭാഗം -3 | |
| 18 | പകൽവീട് പ്രവർത്തനമില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-1 |
| 19 | ഗവ.ആയുർവ്വേദ ഹോസ്പിറ്റൽ മെയിന്റൻസ് എക്സ്-റേ യൂണിറ്റ്നിർമ്മാണം അനന്തമായി നീളുന്നു. | 3-2 |
| 20 | ഇടമുളയ്ക്കൽ ഗവ. എൽ പി എസ് കെട്ടിടനിർമ്മാണം, ടെണ്ടർ ലഭിച്ചിട്ടും കരാർവയ്ക്കാതിരുന്ന വ്യക്തിയുടെ നിക്ഷേപതുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല. | 3-3 |
| 21 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. | 3-4 |
| 22 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി തുക അധികം നല്കി. | 3-5 |
| 23 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി അധിക ഉപകരണങ്ങൾവാങ്ങൽ, അധികം നല്കിയിട്ടുള്ള 9,425/- രൂപ നിരാകരിക്കുന്നു. | 3-6 |
| 24 | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല,ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-7 |
| 25 | തടിക്കാട് മാർക്കറ്റിലെ പ്ലാസ്റ്റിക് സംഭരണ ഷെഡ്ഡിൽ ഗ്രാമകേന്ദ്രം പ്രവർത്തിക്കുന്നു. | 3-8 |
| 26 | ഇടമുളയ്ക്കൽ പ്രാഥമിക ആരോഗ്യകേന്ദ്രം നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 3-9 |
| 27 | ഉത്തരവിനു വിരുദ്ധമായി തുക അധികം ചെലവഴിച്ച - 53,350/-രൂപ നിരാകരിക്കുന്നു. | 3-10 |

| | | |
|---|---|---|
| 28 | കംഫർട്ട് സ്റ്റേഷന്റെ വെള്ളക്കരം കുടിശ്ശിക ഒടുക്കൽ-തുക യഥാസമയം ഒടുക്കാത്തതിനാൽ അധികം തുക ചെലവഴിച്ചു | 3-11 |
| 29 | കന്നുകുട്ടി പരിപാലനം -രേഖകൾ ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു. | 3-12 |
| 30 | മെഡിക്കൽ ക്യാമ്പ് - ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് രേഖകളില്ല. | 3-13 |
| 31 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-സാധാരണ ബൾബുകൾക്കും ചാർജ്ജ് ഒടുക്കുന്നു. | 3-14 |
| 32 | പാലിയേറ്റീവ് കെയർ -മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-15 |
| | ഭാഗം -4 | |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപം | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 43 | അനുബന്ധം -1 , ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 4-11 |
| 44 | അനുബന്ധം -2, അനുബന്ധ പത്രികകൾ | 4-12 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

27-03-2017തീയതിയിലെ I(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 24-02-2018 തീയതിയിലെ V-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|

| | | തിരിച്ചയച്ച തീയതി | തീയതി |
|---|---|---|---|
| 31-07-2018 | 16-05-2018 | -------- | ------- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 31-08-2018 | കെ.എസ്.എ/കെ.എൽ.എം-പി-1/ 1594/20-12-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,23,56,905 |
| വരവ് | 8,74,87,850 |
| ആകെ | 13,98,44,755 |
| ചെലവ് | 10,61,70,217 |
| നീക്കിയിരിപ്പ് | 3,36,74,538 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | ------- | 24147000 | 24147000 | 19792557 | 4354443 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | ------ | 9885960 | 9885960 | 7130843 | 2755117 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | ------ | 65973 | 65973 | 0 | 65973 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | ------ | 8521000 | 8521000 | 6361666 | 2139334 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | ------ | 5301000 | 5301000 | 5073781 | 2272191 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | ------ | 11340481 | 11340481 | 11175170 | 165311 |
| കെ.എൽ.എസ്.ജി.ഡി.പി | ----- | 347592 | 347592 | 122592 | 225000 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| സാക്ഷരത | | 2051 | 78 | 2129 | 0 | 2129 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 45264673 | 45264673 | 45264673 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 77301 | 1127709 | 1205010 | 1138392 | 66618 |
| TSC | | 2105829 | 1076872 | 3182701 | 151558 | 3031143 |
| SSA | | 1512994 | 56357 | 1569351 | 0 | 1569351 |
| WGDP | | 4200 | 6929 | 11129 | 11129 | 0 |
| ICDS | | 1287278 | 1235038 | 2522316 | 424592 | 2097724 |
| ആയുർവേദ വകുപ്പ് | | 8000000 | 0 | 8000000 | 0 | 8000000 |
| കേരളോത്സവം | | 0 | 20000 | 20000 | 0 | 20000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 672075 | 1243221 | 1915296 | 1114982 | 800314 |
| | ജില്ലാ പഞ്ചായത്ത് | 1500000 | 1030275 | 2530275 | 1029655 | 1500620 |
| ബി ഫണ്ട് | തൊഴിലില്ലായ്മ വേതനം | 0 | 186600 | 186600 | 186600 | 0 |
| | വിധവകളായുള്ള സ്ത്രീകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 0 | 210000 | 210000 | 210000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 27032555 | 14140000 | 41172555 | 40581893 | 590662 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10722525 | 14716965 | 25439490 | 7001507 | 18437983 |
| | ട്രഷറി അക്കൗണ്ട് | 613 | 0 | 613 | 0 | 613 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 275 | 121793384 | 151 | 6,28,23,577 | 104 | 20 | 54.9 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 4,52,64,673 | 4,52,64,673 | 4,52,64,673 | 0 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 77,301 | 11,27,709 | 12,05,010 | 11,38,392 | 66,618 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,86,600 | 330 |
| കർഷകതൊഴിലാളി പെൻഷൻ | 87,93,900 | 676 |
| വിധവാപെൻഷൻ | 2,14,53,100 | 1860 |
| വാർദ്ധക്യകാല പെൻഷൻ | 3,81,20,000 | 2894 |
| വികലാംഗപെൻഷൻ | 5336400 | 489 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 496900 | 44 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-01-2019 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,261/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മററി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വ്യക്തമായ അക്കൌണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്,ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. സ്വയം പിൻവലിക്കൽ നടത്തുന്ന ചെക്കുകൾ പ്രകാരമുള്ള

തുകകളിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക പെറ്റി/സബ്സിഡിയറി കാഷ് ബുക്കിൽ ഉൾപ്പെടുത്തി അവയുടെ വിനിയോഗം എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് പൂർണ്ണമായും പ്രാവർത്തികമാക്കുന്നില്ല. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്ത പ്പെടുത്തൽ ഉറപ്പാക്കുന്നില്ല . ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-01-2019 | 11/2018 | 05-01-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-09-2018 മുതൽ 27-09-2018 വരെ | 2013-14 മുതൽ 2017-18 വരെ | 25-10-2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.കെട്ടിടനികുതി-റസിഡൻഷ്യൽ &നോൺറസിഡൻഷ്യൽ (കറണ്ട് &അരിയർ) വാർഷികകണക്കും സഞ്ചയ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള ആസ്തികളുടെ മൂല്യം കൃത്യമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3.ആസ്തികളുടെ തേയ്മാനചെലവ് കണക്കാക്കുമ്പോൾ രണ്ടാം അർദ്ധവർഷത്തിൽ ആർജ്ജിച്ച ആസ്തികളുടെ തേയ്മാന നിരക്ക് പകുതികണക്കിൽ കണക്കാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യപത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

1. ഇൻവെസ്റ്റ്മെന്റ് തുക നീക്കിബാക്കി വിശദാംശങ്ങൾ RP 40(b) -യിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

### വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**2-1** ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തിട്ടില്ല.

ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകകളുടെ വിശദവിവരം ലഭ്യമാക്കാൻആവശ്യപ്പെട്ടുകൊണ്ട്നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം7,തീ18-01-2019) തൻവർഷത്തിലെ തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാതെ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മുഴവൻ തുകയും ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി മറുപടി നല്കി.

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള മുഴവൻ തുകയും ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

**2-2** ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചിരുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| കേച്ചേരി ഫിനാൻസിയേഴ്സ് | II |
| സെന്റ് ജോർജ്ജ് യു.പി.എസ്. ആയൂർ | II |
| മുത്തൂറ്റ് ബാങ്ക്,ആയൂർ | II |
| അൽഫോൺസാ കാഷ്യൂ ഫാക്ടറി | II |
| മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ് | I |

കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ സർക്കിൾ ,ആയൂർ എന്നസ്ഥാപനത്തിലെ ജീവനക്കാരൻ ശ്രീ.ശ്രീജികുമാർ.ജി.എസ് എന്ന ജീവനക്കാരന്റെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി . കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 1996 പ്രകാരമുള്ള ഉത്തരവാദിത്വങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയിട്ടുണ്ട്. ആയതിൻമേൽ ബന്ധപ്പെട്ട സെക്രട്ടറി, ഓഫീസ് ഉത്തരവുപ്രകാരം സെക്ഷന്റെ ചുമതല വഹിച്ചിരുന്ന് ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും വിശദീകരണം വാങ്ങി മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽനികുതി പിഴപ്പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം.2/14.1.19

## 2-3 <u>അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

കാനറാബാങ്ക്, ആയൂർ എന്ന സ്ഥാപനത്തിലെ മാനേജർ ശ്രീ.സ്റ്റെർവാർഡ് ജോഷ്വാ എന്നയാളുടെ I-ാം അർദ്ധവർഷത്തെ അടിസ്ഥാനശമ്പളം 204960 രൂപയെന്ന് തൊഴിൽ നികുതി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ടിയാനിൽ നിന്നും 750 രൂപ മാത്രമാണ് തൊഴിൽ നികുതിയിനത്തിൽ ഈടാക്കിയിട്ടുള്ളത്. അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1250 രൂപ ഈടാക്കേണ്ടതിനുപകരം 750 രൂപ ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഓഫീസ് മേലധികാരിയിൽ നിന്നും രേഖാമൂലം മറുപടിയോ കുറവുവന്ന തുകയോ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വീഴ്ചയ്ക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം വാങ്ങുകയും കുറവുവന്ന തുക ഈടാക്കേണ്ടതുമാണ്.

എൻക്വയറി നം.2/14.1.19

## 2-4 <u>സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചിരുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| എസ്.ബി.ഐ , പനച്ചവിള | I |
| കേച്ചേരി ഫിനാൻസിയേഴ്സ് | II |
| മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, ആയൂർ | I |
| മുത്തൂറ്റ് ബാങ്ക്,ആയൂർ | II |
| കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ സർക്കിൾ, ആയൂർ | I&II |
| മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, തടിക്കാട് | I&II |

| | |
|---|---|
| എൽ.ഐ.സി.ഓഫീസ്, ആയൂർ | I |
| എസഫ് സ്വാശ്രയ് ആഗ്രോ കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് സൊസൈറ്റി | I |

സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ പരാമർശം ഉണ്ടായിരുന്നെങ്കിലും അതിനേക്കാൾ കൂടുതൽ സ്ഥാപനങ്ങളാണ് ഈ വർഷം ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. നികുതി വരവുകൾ ഡിമാന്റ് ചെയ്യുന്നതിലും ഈടാക്കുന്നതിലുമുള്ള പിഴവ് വളരെ ലാഘവത്തോടുകൂടിയാണ് ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്നത്. ഉത്തരവാദികളിൽ നിന്നും വിശദീകരണം വാങ്ങി നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽനികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം.2/14.1.19

## 2-5 ലേലതുക, പലിശ എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു.

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തുപരിധിയിൽ 2017-18 സാമ്പത്തിക വർഷത്തിലേയ്ക്ക് വിവിധ ഇനങ്ങളുടെ കുത്തക അവകാശം സംബന്ധിച്ച ലേലം 04/03/2017 ൽ നടക്കുകയുണ്ടായി. ലേല നോട്ടീസിലെ 5, 6 നിബന്ധനകൾപ്രകാരം ലേല തുക 10,000/- രൂപ കവിയുന്ന സന്ദർഭങ്ങളിൽ തുക ഒടുക്കേണ്ട രീതി ചുവടെ ചേർക്കുന്നു.

1. ലേലം താത്കാലികമായി സ്ഥിരപ്പെടുത്തുമ്പോൾ = ലേല തുകയുടെ 25%
2. ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുമ്പോൾ = ലേല തുകയുടെ 25%
3. 30/06/2017 നള്ളിൽ = ലേല തുകയുടെ 25%
4. 30/09/2017 നള്ളിൽ = ലേല തുകയുടെ 25%

മേൽ തീയതികളിൽ തുക ഒടുക്കുന്നതിൽ വീഴ്ച വന്നാൽ ലേലനിബന്ധന 21 പ്രകാരം 18% പലിശ ഈടാക്കേണ്ടതാണ്. എന്നാൽ ലേലനിബന്ധനപ്രകാരമുള്ള പലിശ ഈടാക്കാതിരുന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

എ) ആയൂർ പബ്ലിക് മാർക്കറ്റിൽനിന്ന് ഗേറ്റ് ഫീസ്

ലേലതുക = 89,000/

ലേലതീയതി = 04/03/2017

കുത്തകക്കാരൻ = ശ്രീ.മുഹമ്മദ് റാഫി

ഗഡു = 22,250

| പണം ഒടുക്കിയ തീയതി | ഒടുക്കിയ തുക (രൂപ) | കാല താമസം (ദിവസ | ഈടാക്കേണ്ടിയി | ഈടാക്കിയ പലിശ | കുറവ് (രൂപ) | പണം ഒടുക്കേണ്ടിയിരുന്ന |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | ങ്ങൾ) | രുന്ന പലിശ 18% | | | തീയതി |
| 04.03.2017 | 22,400 | 0 | | | | |
| 03.04.2017 | 22,250 | 0 | | | | |
| 24.02.2018 | 44,100 | 22,250/- രൂപ 238 ദിവസവും | 4,185 | 0 | 4,185 | 30.06.2017 |
| | | 21,850 രൂപ 146 ദിവസവും | | | | 30.09.2017 |
| ആകെ | 88,750 | | | | 4,185 | |

കൂടാതെ ഈ ഇനത്തിൽ കുടിശ്ശികയായി 250 രൂപ ഈടാക്കാനും അവശേഷിക്കുന്നു.

ബി) <u>ആയൂർ പബ്ലിക് മാർക്കറ്റിൽ മാട്ടിറച്ചി സ്റ്റാൾ</u>

ലേലതുക = 3,92,500

ലേല തീയതി = 03.04.2017

കുത്തകക്കാരൻ = ശ്രീ.അബ്ദുൾ അസീസ്

ഗഡു = 98125

| പണം ഒടുക്കിയ തീയതി | തുക (രൂപ) | കാല താമസം (ദിവസ ങ്ങൾ) | ഈടാ ക്കേണ്ടി യിരുന്ന പലിശ | ഈടാ ക്കിയ പലിശ | കുറവ് | പണം ഒടുക്കേണ്ടി യിരുന്ന തീയതി |
|---|---|---|---|---|---|---|
| 04.03.2017 | 98,125 | 0 | | | | |
| 27.03.2017 | 98,125 | 0 | 0 | | 0 | |
| 12/07/2017 | 98,125 | 11 | 532 | | 532 | 30.06.2017 |
| 06/11/2017 | 98,125 | 36 | 1742 | | 1742 | 30.09.2017 |
| ആകെ | 3,92,500 | | | | 2274 | |

സി) <u>തടിക്കാട് ചന്തയിൽ മാട്ടിറച്ചി സ്റ്റാൾ</u>

ലേല തുക = 48,000

ലേല തീയതി = 04.03.2017

കുത്തകക്കാരൻ = ശ്രീ.അബ്ദുൾ അസീസ്

ഗഡു = 12,000

| പണം ഒടുക്കിയ തീയതി | തുക | കാല താമസം (ദിവസങ്ങൾ) | ഈടാക്കേണ്ടിയിരുന്ന പലിശ | ഈടാക്കിയ പലിശ | കുറവ് | പണം ഒടുക്കേണ്ടിയിരുന്ന തീയതി |
|---|---|---|---|---|---|---|
| 04.03.2017 | 12,000 | 0 | | | | |
| 27.03.2017 | 12,000 | 0 | | | | |
| 12/07/2017 | 12,000 | 11 | | | 65 | 30.06.17 |
| 06/11/2017 | 12,000 | 36 | | | 213 | 30.09.17 |
| ആകെ | 48,000 | | | | 278 | |

ഡി) <u>പരസ്യനികുതി</u>

ലേല തുക = 24,500

ലേല തീയതി = 04.03.2017

കുത്തകക്കാരൻ = ശ്രീമതി.രാജശ്രീ

<table>
<tr><th>പണം ഒടുക്കിയ തീയതി</th><th>തുക</th><th>കാല താമസം (ദിവസങ്ങൾ)</th><th>ഈടാക്കേണ്ടിയിരുന്ന പലിശ</th><th>ഈടാക്കിയ പലിശ</th><th>കുറവ്</th><th>പണം ഒടുക്കേണ്ടിയിരുന്ന തീയതി</th></tr>
<tr><td>04.03.2017</td><td>10,000</td><td>0</td><td></td><td></td><td></td><td></td></tr>
<tr><td>17.04.2017</td><td>5,000</td><td>0</td><td></td><td></td><td></td><td></td></tr>
<tr><td rowspan="2">12/03/2018</td><td rowspan="2">9500</td><td>4,750/- രൂപ 254 ദിവസവും</td><td rowspan="2">975</td><td rowspan="2">110</td><td rowspan="2">865</td><td>30.06.17</td></tr>
<tr><td>4,750രൂപ 162 ദിവസവും</td><td>30.09.17</td></tr>
<tr><td>ആകെ</td><td>48,000</td><td></td><td></td><td></td><td>865</td><td></td></tr>
</table>

പിഴപലിശ ഇനത്തിൽ , കുറവ് വന്ന 7,602/-രൂപ, വാടക ഇനത്തിൽ കുറവ് വന്ന 250 രൂപ എന്നിവ ബന്ധപ്പെട്ട കുത്തകക്കാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പകൽവീട് പ്രവർത്തനമില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം - 216/18, പകൽവീട്

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഫണ്ട്-വികസനഫണ്ട്(ജനറൽ),2,00,000/-രൂപ

ചെലവ്-1,99,402/-രൂപ, (ബിൽ നം-26/17-18/13-03-2018)

ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന പകൽവീടിനായി ഫർണീച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ഉപകരണങ്ങൾ വാങ്ങിയെങ്കിലും നാളിതുവരെ പകൽവീട് പ്രവർത്തനസജ്ജമായിട്ടില്ല.

24-05-2017 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്ത പദ്ധതിക്ക് 1/25-05-2017നമ്പരായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്.എന്നാൽ പകൽവീട് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം കണ്ടെത്തുന്നതിന് ടി കാലയളവിലും കഴിഞ്ഞിരുന്നില്ല. 14-09-2017-ൽ നിർവ്വഹണഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് /സെക്രട്ടറി എന്നിവർക്ക് നൽകിയ കത്തിൽ "2017-18 വർഷത്തെ പദ്ധതി നം 216/18 (പകൽവീട്) നടപ്പിലാക്കുന്നതിന് എല്ലാ ഭൗതികസാഹചര്യങ്ങളോടു കൂടിയ (വയോജനങ്ങൾക്ക് വന്നെത്താൻ കഴിയുന്നതും വൈദ്യുതി,കുടിവെള്ളം,ശുചിമുറി സൗകര്യങ്ങളുള്ളത്) കെട്ടിടം അടിയന്തിരമായി കണ്ടെത്തി നൽകണം എന്നും പ്രസ്തുത കെട്ടിടം കണ്ടെത്തിയാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ "എന്ന് അറിയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 13-10-2017 ലെ ജനറൽ കമ്മിറ്റിയുടെ I(9) നമ്പർ തീരുമാനപ്രകാരം അറയ്ക്കൽ സാംസ്കാരിക നിലയത്തിൽ പകൽവീട് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ തീരുമാനിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർവൈസറെ ചുമതലപ്പെടുത്തുകയും ടെണ്ടർ നടപടിക്രമങ്ങളിലൂടെ ഉപകരണങ്ങൾ വാങ്ങുകയും ആയവ അറയ്ക്കൽ സാംസ്കാരികനിലയത്തിൽ സൂക്ഷിക്കുകയും ചെയ്തിരിക്കുകയാണ്. 2018 മാർച്ച് 24-തീയതി ഔപചാരിക ഉദ്ഘാടനം ചെയ്യപ്പെട്ട പകൽവീട് നാളിതുവരെ തുറന്നു പ്രവർത്തിച്ചിട്ടില്ല.

2018 മാർച്ച് മാസത്തിൽ വാങ്ങിയ ഉപകരണങ്ങിൽ LED ടിവി മുതലായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഉൾപ്പെടുന്നുണ്ട്. ആയതിന്റെ വാറണ്ടി കാലയളവ് എന്നുവരെയെന്ന് പരിശോധിക്കുവാൻ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിട്ടില്ല. പകൽവീട് പ്രവർത്തനസജ്ജമാക്കുന്നതിനായി നാല് കിടക്കകളും 95 എണ്ണം പ്ലാസ്റ്റിക്ക് കസേരകളും വാങ്ങിയിട്ടുണ്ട്. 95 എണ്ണം പ്ലാസ്റ്റിക്ക് കസേരകൾ പകൽവീടിനായി വാങ്ങിയതിന്റെ ആവശ്യകത വ്യക്തമല്ല.

നാളിതുവരെ പ്രവർത്തനസജ്ജമായിട്ടില്ലാത്ത പകൽവീടിനായി നടത്തിയ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പകൽവീട് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള

സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-1,99,402/-രൂപ

ഓഡിറ്റ് എൻക്വയറി നം.-13/21-01-2019

**3-2** ഗവ**.**ആയുർവ്വേദ ഹോസ്പിറ്റൽ മെയിന്റൻസ് എക്സ്-റേ യൂണിറ്റ്നിർമ്മാണം അനന്തമായി നീളുന്നു**.**

പ്രോജക്ട്-ഗവ.ആയുർവ്വേദ ഹോസ്പിറ്റൽ എക്സ് -റേ യൂണിറ്റ് നിർമ്മാണം(217/17)
പ്രോജക്ട് നം. – 217/17
നിർവ്വഹണോദ്യോഗസ്ഥൻ-അസി. എഞ്ചിനീയർ
അടങ്കൽ തുക – ₹ 18,00,000 (സംരക്ഷണ ഗ്രാന്റ് റോഡിതരം)
കരാർ-19/AE/tender/LSGD/EDML/16-17, 22-03-2017

6 മാസത്തിനകം പൂർത്തീകരിക്കേണ്ട പ്രവൃത്തി 22 മാസം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല, ഒന്നാം ഭാഗിക ബിൽ പ്രകാരം നല്കിയിട്ടുള്ള 7,45,375 രൂപ തടസ്സപ്പെടുത്തുന്നു.

ശ്രീ.നിസാറുദ്ദീൻ, കൈതാടി കിഴക്കേക്കര പുത്തൻവീട് , അലയമൺ കരാറുകാരനായി, 19/AE/tender/LSGD/EDML/16-17, 22-03-2017 ആയി കരാർ വച്ച് നിർവ്വഹണം ആരംഭിച്ച മരാമത്ത് പ്രവൃത്തിയാണ്ഗവ.ആയുർവ്വേദ ഹോസ്പിറ്റൽ മെയിന്റൻസ് എക്സ്-റേ യൂണിറ്റ്നിർമ്മാണം. പ്രവൃത്തിയുടെ നിർവ്വഹണത്തിനായി സ്ഥലം കൈമാറിയിട്ടുള്ളത് 22-03-2017നാണ്. പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് 180 ദിവസമാണ്. ഇതുപ്രകാരം പൂർത്തീകരിക്കേണ്ട തീയതി 20-09-2017 ആണ്. ടി പ്രവൃത്തിക്ക് പാർട്ട്ബില്ലായി 7,45,375/- രൂപ ബിൽ നം 66/17-18,തീ 28-02-2018 പ്രകാരം നല്കിയിട്ടുണ്ട്.

ടി പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ച് അന്തിമബിൽ നല്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 07 തീ 18-01-2019) പ്രവൃത്തിയുടെ 80% പൂർത്തീകരിച്ചിട്ടുണ്ടെന്നും, അവശേഷിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നതായും മറുപടി നല്കി. 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടപ്രവൃത്തി നിർമ്മാണം ആരംഭിച്ച് 22 മാസങ്ങൾക്കുശേഷവും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഭാഗിക ബിൽ പ്രകാരം നല്കിയിട്ടുള്ള 7,45,375/- രൂപ തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിച്ച് അന്തിമബില്ലിൽ നിന്നും നിയമാനുസൃത പിഴയും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

തടസ്സം **–** 7,45,375/-രൂപ

**3-3** ഇടമുളയ്ക്കൽ ഗവ**.** എൽ പി എസ് കെട്ടിടനിർമ്മാണം**,** ടെണ്ടർ ലഭിച്ചിട്ടും കരാർവയ്ക്കാതിരുന്ന വ്യക്തിയുടെ നിക്ഷേപതുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല**.**

പ്രോജക്ട് -ഇടമുളയ്ക്കൽ ഗവ.എൽ പി എസ്, കെട്ടിട നിർമ്മാണം(152/17)

23-06-2017 ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം 11 പ്രകാരം 40,45,000 /-രൂപാ അടങ്കൽ തുകയുള്ള ഇടമുളയ്ക്കൽ ഗവ. എൽ പി എസ് കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിക്ക് ശ്രീ. മുഹമ്മദ് യൂസഫ് , ഇലവുംമൂട്ടിൽ ഹൗസ്, കാരാളികോണം നല്കിയ ടെണ്ടർ അംഗീകരിക്കുകയും, തുടർ നടപടികൾ സ്വീകരിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു.

23-09-2017 ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം 1 (2) പ്രകാരം ഇടമുളയ്ക്കൽ ഗവ.എൽ.പി.എസ് കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിയുടെ കരാറുകാരൻ യഥാസമയം കരാർവയ്ക്കാതിരുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നല്കുന്നതിനും നിശ്ചിത സമയത്തിനു ശേഷവും നടപടികൾ സ്വീകരിക്കാത്തപക്ഷം നിക്ഷേപതുക പഞ്ചായത്തിൽ മുതൽക്കൂട്ടി തുടർനടപടികൾ സ്വീകരിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

ടെണ്ടർ അംഗീകരിച്ച് നല്കിയതിനുശേഷം കരാർവയ്ക്കാതിരുന്ന ശ്രീ. മുഹമ്മദ് യൂസഫ് , ഇലവുംമൂട്ടിൽ ഹൗസ് കാരാളികോണം ഒടുക്കുവരുത്തിയിട്ടുള്ള നിരതദ്രവ്യം പഞ്ചായത്ത്ഫണ്ടിൽ ഒടുക്കു വരുത്തിയതിന്റെ രേഖകളും, ടിയാനെതിരേ സ്വീകരിച്ചിട്ടുള്ള തുടർനടപടികളും സംബന്ധിച്ച വിശദവിവരങ്ങൾ ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 07 തീ 18-01-2019) ഇ ടെണ്ടറിംഗ് ആയതിനാൽ ടിയാൻ ഒടിക്കിയിട്ടുള്ള നിരത ദ്രവ്യം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണെന്നും ടിതുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി.

ടെണ്ടർ അംഗീകരിച്ച് നല്കിയതിനുശേഷം കരാർവയ്ക്കാതിരുന്ന ശ്രീ. മുഹമ്മദ് യൂസഫ് , ഇലവുംമൂട്ടിൽ ഹൗസ് കാരാളികോണം ഒടുക്കുവരുത്തിയിട്ടുള്ള നിരതദ്രവ്യം 40,45,000/-രൂപയുടെ 2.5% തുകയായ 1,01,125/- രൂപ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-4 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഓ(എം.എസ്) നം.72/2017/lsgd തീയതി 29-03-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 7 തീ.19-01-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി അതിൻപ്രകാരം റോഡ് പ്രവൃത്തികൾ ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്

സംബന്ധിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

**3-5** <u>കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി തുക അധികം നല്കി.</u>
പ്രോജക്ട്-കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി(277/18)
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ തുക-1,20,000/- (വികസന ഫണ്ട്)

ബിൽ നം-19/17-18,തീ28-03-2018

ടി പ്രോജക്കുമായി ബന്ധപ്പെട്ട് കാർത്തിക് സിസ്റ്റം എന്ന സ്ഥാപനവുമായി കനോൺ ഫോട്ടോ കോപ്പിയർ മെഷീനിന്റെ വാർഷിക അറ്റകുറ്റപ്പണി സംബന്ധിച്ച് 06-11-2017 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം എഎംസി തുക നല്കേണ്ടത് 17812+ ജി എസ് ടി 28% =22,800 രൂപായാണ്. ടി സ്ഥാപനം ഹാജരാക്കിയിട്ടുള്ള ടാക്സ് ഇൻവോയിസ് നം. SER/601, 27-03-2018 പ്രകാരം ജി എസ് ടി നിരക്ക് 18% ആണ് . ഇതുപ്രകാരം നല്കേണ്ട തുക 17812+ GST 18% 3206= 21,018 രൂപായാണ്. എന്നാൽ ടി സ്ഥാപനത്തിന് 22,800 രൂപാ നല്കിയിട്ടുണ്ട്. അധികമായി നല്കിയിട്ടുള്ള 1,782 രൂപാ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് അധികം നല്കിയിട്ടുള്ള തുക തിരികെ ഈടാക്കി ഒടുക്കുവരുത്തുന്നതാണെന്ന് മറുപടി നല്കി.

ടി പ്രോജക്കുമായി ബന്ധപ്പെട്ട് വിവിധ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് 24-03-2018 മുതൽ 23-03-2019 വരെ ഒരു വർഷത്തേയ്ക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിന് കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ബിൽനം 19,28-03-18 പ്രകാരം 78,800/- രൂപാ കെൽട്രോണിന് നല്കിയിട്ടുള്ളതുമാണ്.എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ള കമ്പ്യൂട്ടർ, സ്റ്റോക്ക് രജിസ്റ്ററിൽ എ.എം.സി സംബന്ധമായ യാതൊരുവിധമായ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല. എതെല്ലാ ഉപകരണങ്ങൾക്കാണ് എ.എം.സി യിൽ ഏർപ്പെട്ടിട്ടുള്ളതെന്നു സംബന്ധിച്ച് രേഖകൾ ലഭ്യമല്ല. ആയതിനാൽ കെൽട്രോണിന് നല്കിയിട്ടുള്ള 78,800/- രൂപ തടസ്സപ്പെടുത്തുന്നു. രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം-78,800/- രൂപ
നിരാകരണം- 1,782/- രൂപ
ഓഡിറ്റ് അന്വേഷണം- 4, തീ 16-01-2019

**3-6** <u>തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി അധിക ഉപകരണങ്ങൾവാങ്ങൽ, അധികം നല്കിയിട്ടുള്ള **9,425/-** രൂപ നിരാകരിക്കുന്നു.</u>
പ്രോജക്ട്- തെരുവ് വിളക്ക് അറ്റകുറ്റപ്പണി അധികം ഉപകരണങ്ങൾ വാങ്ങൽ (65/18)
പ്രോജക്ട് നം -65/ 18
നിർവ്വണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ തുക-2,00,000- രൂപ (തനത്ഫണ്ട്)

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി വിജയാ ഏജൻസീസ്, ആശ്രാമം, കൊല്ലം എന്ന സ്ഥാപനവുമായി നെഗോസിയേഷൻ നടത്തി 05-12-2016 ലെ ഇൻവോയിസ് അംഗീകരിക്കുകയും ടി സ്ഥാപനവുമായി 18-01-2017 ൽ കരാറിലേർപ്പെടുകയും ചെയ്തു. എന്നാൽ തെരുവു വിളക്ക് ഉപകരണങ്ങളുടെ താഴെ കൊടുത്തിട്ടുള്ള വാങ്ങലുകൾക്ക് കരാർ പ്രകാരമുള്ള തുകയിൽ നിന്നും കൂടുതലായി തുക നല്കിയിരിക്കുന്നു.

| ക്രമ നം | ബിൽ നം | ഇനം | നിരക്ക് | എണ്ണം | നല്കേണ്ട തുക (രൂപ) | നല്കിയ തുക (രൂപ) | അധികം നല്കിയ തുക (രൂപ) |
|---|---|---|---|---|---|---|---|
| 1 | FSB64/17-18 21-08-17 | സി എഫ് എൽ,20 W | 117 | 200 | 23,400 | 26,295 | 2,895 |
| 2 | FSB64/17-18 21-08-17 | എൽ ഇ ഡി 14W | 242 | 200 | 48,400 | 49,999 | 1,599 |
| 3 | FSB192/17-18 07-11-17 | എൽ ഇ ഡി 14W | 242 | 500 | 1,21,000 | 1,24,998 | 3,998 |
| 4 | FSB192/17-18 07-11-17 | അലൂമിനിയം വയർ 1.5 | 284 | 15 | 4,260 | 5,193 | 933 |
| | | | | | | ആകെ | 9,425 |

(ക്രമനം 1,2, പ്രകാരമുള്ള തുക ചെക്ക് നം 5768185 തീ 15-12-2017 പ്രകാരവും,3,4 പ്രകാരമുള്ള തുക ചെക്ക് നം 5170169 തീ -21-03-18 പ്രകാരവും പിൻവലിച്ച് വിജയാ ഏജൻസീസിനു നല്കിയ തുകയിൽ ഉൾപ്പെടുന്നു).

അധികം നല്കിയിട്ടുള്ള 9,425/- രൂപ നിരാകരിക്കുന്നു. ടി തുക തിരികെ ഒടുക്കുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് അധികമായി നല്കിയിട്ടുള്ള 9,425/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

നിരാകരണം -9,425/- രൂപ

ഓഡിറ്റ് അന്വേഷണം-നം 4 തീ 16-01-2019

## **3-7** <u>പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല,ചെലവ് തുക തടസ്സപ്പെടുത്തുന്നു</u>

പ്രോജക്ടിന്റെ പേര് -പട്ടികജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ,

പ്രോജക്ടിന്റെ നമ്പർ – 11/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട്-വികസനഫണ്ട്(എസ്.സി.പി)

അടങ്കൽ – 17,77,300/-രൂപ

ചെലവ്- 17,77,300/-രൂപ

ബിൽ നം-5/17-18/23-01-2018- 6,78,400/-രൂപ

6/17-18/23-01-2018- 10,98,900/-രൂപ

ഗ്രാമപഞ്ചായത്തിലെ ചുവടെ സൂചിപ്പിക്കുന്ന അഞ്ച് പട്ടികജാതികോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ചെയ്യുന്നതിനായി പദ്ധതി പ്രകാരം തുക കേരള വാട്ടർ അതോറിട്ടിയിൽ ഒടുക്കിയെങ്കിലും ആയത് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

1.കുരക്കണ്ണിൽ കോളനി- 3, 18,400/-രൂപ

2.അകമൺ ലക്ഷം വീട് കോളനി- 3,60,000/-രൂപ

3.തുമ്പിക്കുന്ന് കോളനി- 4,76,000/-രൂപ

4.വഞ്ചിക്കൽ കോളനി- 3,14,900/-രൂപ

5.50 സെന്റ് ,നടുക്കുന്ന് കോളനി-3,08,000/-രൂപ

ടി പ്രവൃത്തികളുടെ പൂർത്തീകരണത്തിന്റെയും തുകയുടെ വിനിയോഗവിവരത്തിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടെന്റർ നടപടികളുടെ കാലതാമസം മൂലം പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലയെന്ന് വാട്ടർ അതോറിട്ടിയിൽ നിന്നും അറിയിച്ചിട്ടുള്ളതായി മറുപടി നൽകി. വാട്ടർ അതോറിറ്റിയുമായി ചമച്ച എഗ്രിമെന്റിൽ പണി പൂർത്തീകരിക്കേണ്ട കാലയളവിനെ കുറിച്ചുള്ള വിവരം ഉൾപ്പെടുത്തിയിരുന്നില്ല. 2018 ജനവരി മാസത്തിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനായി തുക ഒടുക്കിയെങ്കിലും 2019 ജനവരിയിലും പ്രവൃത്തിയുടെ പ്രാരംഭനടപടികൾ പോലും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഗുരുതരമായ കാലവിളംബമാണ് വന്നിട്ടുള്ളത്. മോണിട്ടറിംഗ് സമിതികൾ കൃത്യമായ വിലയിരുത്തൽ നടത്തി പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതിലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിൽ ശ്രദ്ധിച്ചിട്ടില്ല. കുടിവെള്ള പദ്ധതികൾ മുൻഗണന നൽകി പൂർത്തീകരിക്കേണ്ടവയാണ്.

മേൽ പ്രവൃത്തിക്ക് വേണ്ടി നടത്തിയ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർത്തീകരണവിശദാംശങ്ങൾ ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 17,77,300/-രൂപ

ഓഡിറ്റ് എൻക്വയറി നം - 5/16-01-2019

## 3-8 തടിക്കാട് മാർക്കറ്റിലെ പ്ലാസ്റ്റിക് സംഭരണ ഷെഡ്ഡിൽ ഗ്രാമകേന്ദ്രം പ്രവർത്തിക്കുന്നു.

ശ്രീ.ഹുസൈൻ, ചെമ്മണ്ണിൽ പുത്തൻവീട് ഗുണഭോക്തൃസമിതി കൺവീനറായി 4,48,003/- രൂപ ചിലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തിയാണ് തടിക്കാട് മാർക്കറ്റിലെ പ്ലാസ്റ്റിക് സംഭരണ ഷെഡ്. ടി പ്രവൃത്തി 09-10-2017 ൽ നിർമ്മാണ് പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ നേരിട്ടുള്ള പരിശോധനയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട യാതൊരുകാര്യത്തിനും ടി ഷെഡ്. ഉപയോഗിച്ചുവരുന്നില്ലായെന്ന് കാണുന്നു. പ്ലാസ്റ്റിക്ക് മാലിന്യ സംഭരണത്തിനായി നിർമ്മിച്ച ഷെഡിൽ നിലവിൽ ഗ്രാമകേന്ദ്രമാണ് പ്രവർത്തിച്ചുവരുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 10, തീ 21-01-2019)മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പ്ലാസ്റ്റ്ക് മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് പുനരുപയോഗിക്കുന്നതിനുവേണ്ടി സംഭരിക്കുന്നതിനാണ് ഷെഡ് നിർമ്മിച്ചിട്ടുള്ളതെന്നും ഇതിനുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നതായും മറുപടി നല്കി.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നിർമ്മിച്ച തടിക്കാട് മാർക്കറ്റിലെ പ്ലാസ്റ്റിക് സംഭരണ ഷെഡ് മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് അംഗീകരിക്കുന്നില്ല. ആസൂത്രണത്തിന്റെ അപാകത, ഫലപ്രദമല്ലാത്ത മോണിറ്ററിംഗ് തുടങ്ങിയവ മൂലമാണ് ഇപ്രകാരം സംഭവിക്കുന്നത്. അപാകതകൾ പരിഹരിച്ച് പ്ലാസ്റ്റിക് സംഭരണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി. പൊതുമരാമത്ത് സ്ഥിരം സമിതി, പഞ്ചായത്ത് കമ്മറ്റി എന്നിവരുടെ അടിയന്തിരമായ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-9 ഇടമുളയ്ക്കൽ പ്രാഥമിക ആരോഗ്യകേന്ദ്രം നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ശ്രീ.നിസ്സാറുദ്ദീൻ, കൈതാടി കിഴക്കേക്കര പുത്തൻവീട് കരാറുകാരനായി, 10,81,855/-രൂപ ചിലവഴിച്ച്, 28-06-2017 ൽ നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തിയാണ് ഇടമുളയ്ക്കൽ പിഎച്ച് സി ലാബ് സെന്റർ നിർമ്മാണം.

ടി പ്രവൃത്തി നേരിട്ട് പരിശോധിച്ചതിൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നാളിതുവരെ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു. കെട്ടിടത്തിന്റെ വൈദ്യുതീകരണം നടക്കാത്തതിനാലാണ് ലാബ് പ്രവർത്തിക്കുവാൻ കഴിയാത്തത്. ആയതിലേയ്ക്ക് വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ, ലാബ് ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുവാനാകാതെ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നു. കെട്ടിടത്തിന് യഥാസമയം വൈദ്യുത കണക്ഷൻ ലഭ്യമാക്കാതിരുന്നതു സംബന്ധിച്ചും, വൈദ്യുതകണക്ഷൻ ലഭ്യമാക്കുന്നതിനു മുമ്പേ ഉപകരണങ്ങൾ വാങ്ങി, ഉപകരണങ്ങളുടെ ഗ്യാരണ്ടി നഷ്ടപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചതു സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഇടമുളയ്ക്കൽ പി.എച്ച്. സി ലാബ് സെന്റർ നിർമ്മാണത്തിനുള്ള

എസ്റ്റിമേറ്റിൽ വയറിംഗ് പ്രവൃത്തികൾ ഉൾപ്പെടുത്താതിരുന്നതിനാൽ വയറിംഗ് ജോലികൾ യഥാസമയം നടത്താൻ കഴിഞ്ഞിട്ടില്ലെന്നും 2018-19 വാർഷിക പദ്ധതിയിൽ ഇതിനായി പ്രോജക്ട് ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, എത്രയുംവേഗം വയറിംഗ് ജോലികൾ പൂർത്തീകരിച്ച് ലാബ് പ്രവർത്തനക്ഷമമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ടി ലാബിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങുന്നതിനായി വിവിധ പ്രോജക്ടുകൾ പ്രകാരം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ/ ഫണ്ടിനം | ചെലവു തുക (രൂപ) | ബിൽ നം./തീയതി |
|---|---|---|---|
| SO 036/18 പി.എച്ച്.സിയ്ക്ക് ലാബുപകരണങ്ങൾ വാങ്ങൽ | മെയി-ഫണ്ട് (റോഡിതരം) | 1,50,961 | 28/17-18 /27.2.18 |
| | | 74,039 | 29/17-18 /21.3.18 |
| SO62/18 ലാബിന് ഫർണ്ണിച്ചർ വാങ്ങൽ | മെയി-ഫണ്ട്(റോഡിതരം) | 50000 | 26/17-18 /21.2.18 |
| SO061/18 പി.എച്ച്.സി ലാബിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | മെയി-ഫണ്ട് (റോഡിതരം) | 50000 | 22/17-18/ 8.1.18 |

ലാബുപകരണങ്ങളും റീ-ഏജന്റുകളും വാങ്ങുന്നതിനായി 1,50,961/- രൂപ KMSCL- ന് നൽകിയിട്ടുണ്ടെങ്കിലും ടി തുകയ്ക്കുള്ള ഉപകരണങ്ങൾ സപ്ലൈ ചെയ്തിട്ടില്ല.

ലാബിലേക്ക് 1,74,039/- രൂപ (74,039+50,000+50,000) ചെലവഴിച്ച് കല്ലുങ്കൽ ബ്രദേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഫ്രിഡ്ജ്, മോഡേൺ ഡയഗ്നോസ്റ്റിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ലാബുപകരണങ്ങൾ,അഖിൽ ഫർണ്ണിച്ചറിൽ നിന്നും 50,000/- രൂപയ്ക്കുള്ള ഫർണ്ണിച്ചർ (അലമാര, ടേബിൾ, റാക്ക് , റിവോൾവിംഗ് ചെയർ , കൗണ്ടർ ചെയർ, പ്ലാസ്റ്റിക് കസേര) മീഡിയാ ഇൻഫോടെക് എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലാബിന്റെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പഞ്ചായത്തിൽ നിന്നും ചെയ്തിട്ടില്ലാത്തതിനാൽ റീ-ഏജന്റുകളുടെ കാലാവധി കഴിഞ്ഞുപോകാതിരിക്കാനായി ലാബ് പ്രവർത്തനം തുടങ്ങുമ്പോൾ വിതരണം ചെയ്താൽ മതിയെന്ന് KMSCL-നെ അറിയിച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കി.ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതിനാൽ ആയത് നിർമ്മാണം പൂർത്തിയാക്കിയ ലാബ് കെട്ടിടത്തിൽ ഉപയോഗിക്കാത്ത അവസ്ഥയിലാണ്.ലാബ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച 3,25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ

ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടും വൈദ്യുതീകരണം നടത്താതിരിക്കുക, വയറിംഗ് ജോലികൾ തുടങ്ങുന്നതിനുമുമ്പായിത്തന്നെ ലാബിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങി വയ്ക്കുക, ഉപകരണങ്ങളുടെ ഗ്യാരണ്ടി നഷ്ടപ്പെടുത്തുക തുടങ്ങിയകാര്യങ്ങൾ, ആസൂത്രണത്തിന്റെ അപാകത, ഫലപ്രദമല്ലാത്ത മോണിറ്ററിംഗ് തുടങ്ങിയവമൂലമാണ് ഉണ്ടായിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ലാബ് പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ- വിദ്യാഭ്യാസ സ്ഥിരം സമിതി. പൊതുമരാമത്ത് സ്ഥിരം സമിതി, പഞ്ചായത്ത് കമ്മറ്റി എന്നിവരുടെ അടിയന്തിരമായ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിന്മേൽ നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക **–** 3,25,000/- രൂപ
ഓഡിറ്റ് എൻക്വയറി നം. -08/18-01-2019

**3-10** <u>ഉത്തരവിനു വിരുദ്ധമായി തുക അധികം ചെലവഴിച്ചു **- 53,350/-**രൂപ നിരാകരിക്കുന്നു**.**</u>

പ്രോജക്ട് നം.59/18

അടങ്കൽ- ₹ 2,50,335/-(മെയി.ഗ്രാന്റ്-റോഡിതരം)

ചെലവ്- ₹ 2,42,500/-

ബിൽ നം -3/17-18/18.8.17

എൽ.പി,യു.പി സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഇന്റർനെറ്റ് സൌകര്യവും എന്ന പ്രോജക്ടിനായി ₹ 2,42,500/- ചെലവഴിച്ചു. പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക രേഖപ്പെടുത്തിയ ആഡ്കോം സിസ്റ്റംസ് , പട്ടം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. ടി സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

Acer veriton Desktop Computer- 5@ 35500 (നികുതി ഉൾപ്പെടെ)

= ₹ 1,77,500

Cannon Printer -5@13000(നികുതി ഉൾപ്പെടെ)

= ₹ 65,000

സ്ഥാപനത്തിന്റെ ബിൽ പ്രകാരം ₹2,42,500/- വിവിധ പദ്ധതികൾ വഴി സ്കൂളുകളിലേക്ക് അവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.11.16 ലെ NEP 3/10192/2015 DPI ഉത്തരവു പ്രകാരം വാങ്ങുന്ന ഇനങ്ങളുടെ മിനിമം സ്പെസിഫിക്കേഷനും പരമാവധി തുകയും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ ഒരെണ്ണത്തിന് ചെലവഴിക്കാവുന്ന തുക 24,830/- രൂപയാണ്. ആയതു പ്രകാരം

അഞ്ചെണ്ണത്തിന് 1,24,150/- രൂപ മാത്രമാണ് അനുവദിക്കാവുന്നത്. മേൽ പ്രോജക്ട് പ്രകാരം 1,77,500/- രൂപ ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഈയിനത്തിൽ 53,350/-രൂപ അധികം ചെലവഴിച്ചു. രേഖാമൂലമുള്ള ഓഡിറ്റ് അന്വേഷണത്തിന്, തുടർവർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. കമ്പ്യൂട്ടർ വാങ്ങിയയിനത്തിൽ അധികം ചെലവഴിച്ച 53,350/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

എൻക്വയറി നം. – 3/14.1.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ

## 3-11 കംഫർട്ട് സ്റ്റേഷന്റെ വെള്ളക്കരം കുടിശ്ശിക ഒടുക്കൽ–തുക യഥാസമയം ഒടുക്കാത്തതിനാൽ അധികം തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ അധീനതയിലുള്ള ആയൂർ പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ വെള്ളക്കരം കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 32,539/- രൂപ ചെക്ക് നം.949405/3.2.18 പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയർ,കേരള വാട്ടർ അതോറിറ്റി,കൊട്ടാരക്കര പേർക്ക് നൽകിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ 12.1.18ലെ KWA/PHSDV/Rev/382/2016 നം.കത്തു പ്രകാരം ആയൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ AYR-113/ND നമ്പരായുള്ള വാട്ടർ കണക്ഷന് 2016 സെപ്റ്റംബർ മുതൽ 2018 ജനവരി വരെയുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കണക്കാക്കിയതിൽ ₹ 30,472 രൂപയാണ്. എന്നാൽ 19.1.18 ലെ വാട്ടർ അതോറിറ്റിയുടെ കത്തുപ്രകാരം കുടിശ്ശികത്തുകയായ ₹ 38,346/- ഇളവനുവദിച്ച 5,807/- രൂപ കിഴിച്ച് 32,539/- രൂപയാണ് ഒടുക്കിയിട്ടുള്ളത്. തുക അധികം ഒടുക്കാനുള്ള സാഹചര്യവും കുടിശ്ശിക വരാനുള്ള സാഹചര്യവും വ്യക്തമല്ല. 2,067/- രൂപ ടിയിനത്തിൽ അധികം ഒടുക്കി.കേരളവാട്ടർ അതോറിറ്റി എല്ലാ മാസവും മുൻമാസത്തെ ചാർജ്ജിന്റെ ഡിമാന്റ് നോട്ടീസ് സെക്രട്ടറിക്ക് നൽകേണ്ടതും നോട്ടീസ് ലഭിച്ച് ഒരു മാസത്തിനകം പണം അടയ്ക്കേണ്ടതാണെന്നും ജി.ഒ.(ആർ.ടി)1501/2006/തസ്വഭവ 23.6.2006 മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ഇളവുകൾക്ക് ശേഷമുള്ള 30,472/- രൂപയും തുടർന്ന് വന്ന ഒരു മാസത്തെ വെള്ളക്കരവും കൂടി ഉൾപ്പെടുത്തിയാണ് 32,539/- രൂപ ഒടുക്കു വരുത്തിയിട്ടുള്ളത്. യഥാസമയം ഡിമാന്റ് നോട്ടീസ് ലഭിക്കാത്തതാണ് കുടിശ്ശികയ്ക്ക് കാരണമെന്ന് മറുപടി ലഭ്യമാക്കി. യഥാസമയം വെള്ളക്കരം ഒടുക്ക് വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 14/21.1.19

## 3-12 കന്നുകുട്ടി പരിപാലനം -രേഖകൾ ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി രണ്ടു പ്രോജക്ടുകൾ പ്രകാരം 22,50,000/- രൂപ അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കൊല്ലം പേർക്ക് നല്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് (രൂപ) | ബിൽ നം./തീയതി |
|---|---|---|---|
| SO 289/18 | 10,00,000 (വികസനഫണ്ട്)<br>10,00,000(ഗുണ.വിഹിതം) | 10,00,000 | 12/17-18/21.3.18 |
| SO 016/18 | 12,50,000 - (വികസനഫണ്ട്)<br>12,50,000 - (ഗുണ.വിഹിതം)<br>2,500,000 -(സംസ്ഥാനാവിഷ്കൃത ഫണ്ട്) | 12,50,000 | 4/17-18/<br>27.1.18 |

തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.കൂടാതെ പ്രോജക്ട് നം.SO 289/18 പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ 25 പേർ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് ധനവിനിയോഗ രേഖകൾ ഹാജരാക്കുന്നതാണെന്നും അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ അടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു . ആയതു ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 22,50,000/-രൂപ

എൻക്വയറി നം. -9/18.1.2019

### 3-13 മെഡിക്കൽ ക്യാമ്പ് - ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് രേഖകളില്ല.

പ്രോജക്ട് നം. -39/17-18

അടങ്കൽ – 25,000/-രൂപ

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ' ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിനുള്ള മെഡിക്കൽ ക്യാമ്പ് ' എന്ന് പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിയുള്ളവർക്ക് ബ്ലോക്കു പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് എന്നിവ വഴി സഹായ ഉപകരണങ്ങൾ നൽകുന്നതിനായി മെഡിക്കൽ ക്യാമ്പ് നടത്തിയയിനത്തിൽ 25,000/- രൂപ ബിൽ നം.10/17-18/31.10.17പ്രകാരം ചെലവഴിച്ചു. ഭക്ഷണച്ചെലവ്, നോട്ടീസ്, അനൗൺസ്മെന്റ് , വാഹനവാടക, ഹോണറേറിയം എന്നിവയ്ക്കാണ് തുക ചെലവഴിച്ചത്.

ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നൽകണമെന്നും ഓരോ ഗുണഭോക്താവിനും വേണ്ട ഉപകരണങ്ങളുടെ ലിസ്റ്റ് ലഭിച്ചശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങി ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന വിതരണം ചെയ്യേണ്ടതാണെന്നും 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.എം.എസ് നം.80/2017 തസ്വഭവ

3.4.17 ൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ , ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെയോ ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കുന്നതിനുള്ള രേഖകളോ ഹാജരാക്കിയിട്ടില്ല. ആയതിന്റെ രേഖകൾ, ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾ ഇതിനായി നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മെഡിക്കൽ ക്യാമ്പ് നടത്തി സഹായ ഉപകരണങ്ങൾ ആവശ്യമുള്ള ഭിന്നശേഷിക്കാരെ കണ്ടെത്തി ലിസ്റ്റ് പഞ്ചായത്തിന് കൈമാറുക മാത്രമാണ് ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നതെന്നും ഗുണഭോക്താക്കളെ ഗ്രാമസഭയോ പഞ്ചായത്ത് കമ്മിറ്റിയോ അംഗീകരിക്കുന്നത് പഞ്ചായത്തിന്റെ ചുമതലയാണെന്നും മറുപടി ലഭ്യമാക്കി.ആയത് അംഗീകരിക്കുന്നില്ല. ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെയോ ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കുന്നതിനുള്ള രേഖകളോ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം.8/18.1.19

തടസ്സം – 25,000/-രൂപ

## 3-14 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-സാധാരണ ബൾബുകൾക്കും ചാർജ്ജ് ഒടുക്കുന്നു.

പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 1,28,682/- രൂപ പ്രതിമാസം അടവാക്കുന്നുണ്ട്. കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാക്കിയ ബിൽ പരിശോധിച്ചതിൽ സാധാരണ ബൾബുകൾക്കും തുക ഈടാക്കി വരുന്നതായി കാണുന്നു. 40 Watts ന്റെ 802 ബൾബുകൾക്ക് 52,932/- രൂപയും 60 Watts ന്റെ 24 ബൾബുകൾക്ക് 2,448/- രൂപയും അടവാക്കുന്നു. നിലവിൽ ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ കെ.എസ്.ഇ.ബി അഞ്ചൽ സെക്ഷന്റെ രേഖകൾ പ്രകാരം മേൽ സൂചിപ്പിച്ച ഓർഡിനറി ബൾബുകൾ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണ് എന്ന് സ.ഉ.നം.65529/ഡി.സി.3/12തസ്വഭവ 12.3.13 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ആയതു പ്രകാരം മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. നിലവിലില്ലാത്ത ബൾബുകൾക്ക് ഒടുക്കിയ തുക കെ.എസ്.ഇ.ബിയിൽ നിന്നും തിരികെ ഈടാക്കുകയോ തുടർബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 പാലിയേറ്റീവ് കെയർ -മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രകാരം (പ്രോജക്ട് നം.32/18)പാലിയേറ്റീവ് രോഗികൾക്കായി മരുന്ന് വാങ്ങുന്നതിനായി 4,97,990/-രൂപ ബിൽ നം.14/17-18/14.12.17 പ്രകാരം ചെലവഴിച്ചു.ആയതിൽ 1,97,990/-രൂപ KMSCL -ന് നൽകിയതിൽ ഇൻവോയിസ്

നം.PRF 153 പ്രകാരമുള്ള 7,477/- രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.

ടി പ്രോജക്ടിനായി മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി ബിൽ നം.20/17-18 /29.12.17 പ്രകാരം 1,53,560 രൂപ KMSCL -ന് നൽകി. ഉപകരണങ്ങൾ വാങ്ങുന്നതിന് നൽകിയ 1,00,000/- രൂപയിൽ ഇൻവോയിസ് നം.PRF 2553 പ്രകാരമുള്ള ഉപകരണങ്ങളിൽ വീൽചെയർ-1 എണ്ണം,Bp അപ്പാരറ്റസ് മെർക്കുറിയൽ റഗുലർ 2എണ്ണം എന്നിവ സപ്ലൈ ചെയ്തിട്ടില്ല.

മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിനായി നൽകിയ എൻക്വയറിക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.8/18.1.19

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,59,275 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (75/18) | 2,59,275 | 0 |
| ജില്ലാ പഞ്ചായത്ത് | | 2,59,275 | | 2,59,275 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 16-17 | 1,72,075 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (197/18) | 1,72,075 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 4,32,000 | ബഡ്സ് റീഹാബിലിറ്റേഷൻ | 2,83,632 | 1,48,368 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 1,41,000 | സെന്റർ (210/18) | 1,40,380 | 620 |
| | | 5,00,000 | അങ്കണവാടി പോഷകാഹാരം (38/18) | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 1,51,946 | നെൽകൃഷി വികസനം (26/18) | 0 | 1,51,946 |
| | | 4,00,000 | പാലിന് സബ്സിഡി (60/18) | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | | 1,30,000 | | 1,30,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21701099 | 17,77,300 | 0 | 17,77,300 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന | 6,00,875 |

| | |
|---|---|
| സ്ഥിര നിക്ഷേപം | |
| തൻവർഷം നിക്ഷേപിച്ച തുക | 51,074 |
| ആകെ | 6,51,949 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6,51,949 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക (രൂപ) |
|---|---|---|---|---|
| 1 | എസ്.സി.ബി അറക്കൽ | 25-02-2018 | 1 വർഷം | 6,51,949 |
| ആകെ | | | | 6,51,949 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 20,978/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-8 | 450 | ശ്രീ.വിന്ജ്സാം-50/- ശ്രീ ചന്ദ്രശേഖരൻപിള്ള-100/- ശ്രീ റിനോഷ് ജോൺസൺ-100/- ശ്രീ-ജോയിമോൻ-50/- ശ്രീ.സാംരാജ-50/- ശ്രീ ബേഹി ഉമ്മൻ-100/- | 117040102096 to 117040102101/15-07-2017 |
| 2010-11 | 3(1) | 8513 | ശ്രീമതി.സുഭദ്ര | 117020900141/20-03-2018 |

| | | | | |
|---|---|---|---|---|
| 2011-12& 2012-13 | 3(3) | 2278 | എഫ്.റ്റി.എസ് | |
| 2013-14& 2014-15 | 3(2) | 9737 | ശ്രീമതി.ലതിക.എൽ<br>എഫ്.റ്റി.എസ് | 117040104552/05-12-2018 |

**4-7** സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

**4-8** ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

**4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,98,44,755 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,61,70,217 |
| വരവിനങ്ങളിലുള്ള നഷ്ടം | 7,602/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 64,557 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 54,00,877 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 7,602 | | സഞ്ജയൻ<br>സെക്രട്ടറി |
| 3-5 | | 1,782 | |
| 3-6 | | 9,425 | |
| 3-10 | | 53,350 | സായിദ ഷംസ്<br>ഹെഡ്മിസ്ട്രസ്സ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,99,402 | സുധാമണി.എസ്<br>എ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-2 | 7,45,375 | ധന്യശ്രീ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 78,800 | സഞ്ജയൻ, സെക്രട്ടറി |
| 3-7 | 17,77,300 | ലത, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 3,25,000 | ഡോ.അജിതകുമാരി<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-12 | 22,50,000 | ഡോ.കെ.എസ്.സന്തോഷ്<br>വെറ്ററിനറി സർജൻ |
| 3-13 | 25,000 | ഡോ.അജിതകുമാരി<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സഞ്ജയൻ<br>സെക്രട്ടറി | സെക്രട്ടറി<br>ഇടമുളയ്ക്കൽ | സഞ്ജയ് മന്ദിരം<br>തട്ടത്തുമല |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | കിളിമാനൂർ |
| സയിദ ഷംസ്<br>ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്<br>ഗവ.എൽ.പി.സ്കൂൾ<br>ഇടമുളയ്ക്കൽ | എസ്.എസ്.വില്ല<br>വയക്കൽ പി.ഒ |
| സുധാമണി.എസ്<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ<br>പുനലൂർ നഗരസഭ | വിളയിൽ വീട്<br>അരിപ്ലാച്ചി.പി.ഒ<br>ഒരുനട |
| ലത<br>അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി<br>അലിപ്പറമ്പ്<br>ഗ്രാമപഞ്ചായത്ത് | കുഞ്ഞാറ്റ വീട്<br>ഏറം<br>ചാത്തന്നൂർ.പി.ഒ |
| ധന്യശ്രീ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ്<br>എഞ്ചിനീയർ<br>ഇടമുളയ്ക്കൽ ഗ്രാമ<br>പഞ്ചായത്തിന് | വസന്തം<br>നെല്ലിവിള.പി.ഒ<br>വെങ്ങാനൂർ<br>തിരുവനന്തപുരം |
| ഡോ.കെ.എസ്.സന്തോഷ്<br>വെറ്റിനറി സർജൻ | വെറ്ററിനറി സർജൻ<br>ഇടമുളയ്ക്കൽ ഗ്രാമ<br>പഞ്ചായത്ത് | കുഴിവിള വീട്<br>ഏരൂർ.പി.ഒ<br>അഞ്ചൽ |
| ഡോ.അജിതകുമാരി.കെ.ബി<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി<br>ഇടമുളയ്ക്കൽ ഗ്രാമ<br>പഞ്ചായത്ത് | പ്രകാശ് ഭവൻ<br>പൂവത്തൂർ ഈസ്റ്റ്<br>കുളക്കട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ/കെ.എൽ.എം/പി-1/447(1)/23-03-2018 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം/പി-1/447(2)/23-03-2018 |

| | |
|---|---|
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/447(3)/23-03-2018 |
| 1999-00 | കെ.എസ്.എ/കെ.എൽ.എം/പി-1/447(4)/23-03-2018 |
| 2000-01 | കെ.എസ്.എ/കെ.എൽ.എം/പി-1/447(5)/23-03-2018 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/447(6)/23-03-2018 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/447(7)/23-03-2018 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/447(8)/23-03-2018 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/447(9)/23-03-2018 |
| 2005-06 | എൽ.എഫ്.ക്യൂ.പി4/1360/14(15)തീയതി 23.06.14 |
| 2006-07 | എൽ.എഫ്.ക്യൂ.പി4/1360/ 14(17)തീയതി 23.06.14 |
| 2007-08 | എൽ.എഫ്.ക്യൂ.പി4/1392/ 14(1) തീയതി 24.06.14 |
| 2008-09 | എൽ.എഫ്.ക്യൂ.പി4/1406/13 തീയതി 03.09.13 |
| 2009-10 | എൽ.എഫ്.ക്യൂ.പി.4/782/2013 തീയതി 30.04.14 |
| 2010-11 | എൽ.എഫ്.ക്യൂ.പി.4/783/2012 തീയതി 28.01.13 |
| 2011-12& 2012-13 | എൽ.എഫ്.ക്യൂ.പി.4/393/14 തീയതി 15-05-14 |
| 2013-14& 2014-15 | കെ എസ് എ -കെഎൽ എം/ പി4/ 2211/ 15 തീ 19-12-15 |
| 2015-16 | കെ എസ് എ -കെഎൽ എം/ പി4/ 1843/16 തീ 05-01-2017 |
| 2016-17 | കെ എസ് എ -കെഎൽ എം/ പി1/ 1955/17തീ 21-12-2017 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

നം.കെ.എസ്.എ.കെ.എൽ.എം.-പി 1/224/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in
തീയതി – 01.04.2019

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-2

### പത്രികകളുടെ വിവരം
### അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്